## പതിമൂന്നാം കേരളനിയമസഭ

### നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം : 209**      **23.3.2012 ൽ മറുപടിയ്ക്ക്**

### തിരമാലയിൽ നിന്നും വൈദ്യുതി

**ചോദ്യം**

ശ്രീ. ഇ. ചന്ദ്രശേഖരൻ
,, വി. എസ്. സുനിൽകുമാർ
,, പി. തിലോത്തമൻ
,, കെ. അജിത്

(എ) തിരമാലയിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് സാദ്ധ്യതാ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള എത്ര പഠനറിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്; ഈ റിപ്പോർട്ടുകളിലെ ഉള്ളടക്കം വിശദമാക്കുമോ ;

(ബി) പഠന റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

**ഉത്തരം**

ശ്രീ.ആര്യാടൻ മുഹമ്മദ്
(ഊർജ്ജവകുപ്പുമന്ത്രി)

(എ) & (ബി) തിരമാലയിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നത് സംബന്ധിച്ച് ചെന്നൈയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജി 1990 – ൽ വിഴിഞ്ഞത്ത് പഠനം നടത്തുകയും പരീക്ഷണാടിസ്ഥാനത്തിൽ ഒരു പ്ലാന്റ് സ്ഥാപിക്കുകയും ചെയ്തിരുന്നു. പ്രസ്തുത പ്ലാന്റ് സംസ്ഥാന സർക്കാരിന് കൈമാറാൻ സന്നദ്ധത പ്രകടിപ്പിച്ചെങ്കിലും, പ്ലാന്റിന്റെ 'ലൈഫ് ടൈം' അവസാനിച്ചതിനാലും അതിന്റെ പ്രവർത്തനക്ഷമത സംബന്ധിച്ച് ഉറപ്പില്ലാത്തതിനാലും പ്ലാന്റ് ഇളക്കി മാറ്റാൻ 2009 – ൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജിക്ക് സർക്കാർ നിർദ്ദേശം നല്കുകയുണ്ടായി.

സെക്ഷൻഓഫീസർ